ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി നിലവിൽ പ്രീമെട്രിക് ഹോസ്റ്റലുകൾ ഇല്ല.

(ബി) പരിഗണനയിലുണ്ട്.

(സി) പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് ഒരു ഏക്കർ സ്ഥലം റവന്യൂ വകുപ്പിൽ നിന്ന് ലഭ്യമാക്കിയിട്ടുണ്ട്. ഹോസ്റ്റൽ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിയ്ക്കുന്നതാണ്.

ആദിവാസികൾക്കുള്ള ഭൂമി വിതരണം

293 (681) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഭൂരഹിതരായ എത്ര ആദിവാസികൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന്ഐ. റ്റി. ടി. പി. പ്രോജക്ട് ഓഫീസ് തിരിച്ചു വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികൾക്ക് ഏതെല്ലാം പദ്ധതികളിലൂടെ ഭൂമി വിതരണം ചെയ്തിട്ടുണ്ട്; ഓരോവർഷവും ഓരോ പദ്ധതി പ്രകാരം അനുവദിച്ച ഭൂമി, ഗുണഭോക്താക്കളുടെ എണ്ണം, റ്റൈറ്റിൽ ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം, പട്ടയം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ഐ. റ്റി. ടി. പി. പ്രോജക്ട് തിരിച്ചു വ്യക്തമാക്കുമോ;

(സി) വിവിധ പദ്ധതികളിലായി ഭൂമി ലഭിക്കുന്നതിന് എത്ര അപേക്ഷകൾ നിലവിൽ ഉണ്ട്; ഐ. റ്റി. ടി. പി. പ്രോജക്ട് ഓഫീസ് തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഇനിയും ഭൂമി ലഭിക്കാനുള്ളവർക്ക് ഭൂമി ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 9208 ഭൂരഹിതരായ ആദിവാസികൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസ് തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികൾക്ക് ഓരോ വർഷവും വിവിധ പദ്ധതികൾ പ്രകാരം ഭൂമി അനുവദിച്ച നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഐ.റ്റി.ഡി.പി ട്രൈബൽ ഡെവല്പ്മെന്റ് ഓഫീസുകൾ എന്നിവിടങ്ങളിൽ ലഭ്യമായ അപേക്ഷകളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഇനിയും ഭൂമി ലഭിക്കാനുള്ളവർക്ക് ഭൂമി ലഭിക്കുന്നതിന് 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' പദ്ധതി വനാവകാശ നിയമം റ്റി.ആർ.ഡി.എം. മുഖേന ഭൂമി എന്നിവയിലൂടെ ഭൂമി ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു

പട്ടികവർഗ്ഗക്ഷേമ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

294 (682) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികവർഗ്ഗക്ഷേമ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി അനുവദിച്ച തുകയുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് വിനിയോഗിച്ച തുകയുടെ വിശദാംശം വ്യക്തമാക്കുമോ; ഏതൊക്കെയിനങ്ങളിൽ തുക വിനിയോഗിച്ചുയെന്നും വ്യക്തമാക്കുമോ;

(ഡി) വിനിയോഗിക്കാതെ മിച്ചം വന്ന തുക എത്രയെന്നും ഏതൊക്കെയിനങ്ങളിൽ ചെലവഴിക്കാൻ കഴിഞ്ഞില്ല എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്